# പ്രവാചകന്മാരുടെ ദൗത്യവും മൗദൂദിസവും

**ഭൂ**മിയിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരുടെ പരമവും ആത്യന്തികവുമായ ലക്ഷ്യമെന്ത്? ഇസ്‌ലാമും മൗദൂദിസവും രണ്ടുചേരിയിൽ നിലകൊള്ളുന്ന പ്രധാന വിഷയങ്ങളിലൊന്നാണിത്. വിശുദ്ധ ക്വുർആൻ പഠിപ്പിച്ച പ്രവാചകദൗത്യത്തിൽ അസംതൃപ്തമാണ് മൗദൂദിസം. അത് കൊണ്ട് തന്നെ ക്വുർആൻ പഠിപ്പിക്കുന്ന പ്രവാചക ദൗത്യമെന്ത്? ജമാഅത്തെ ഇസ്ലാമി പ്രചരിപ്പിക്കുന്ന പ്രവാചക ദൗത്യമെന്ത്? എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ക്വുർആൻ പറയുന്നു.

''ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകി കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം ആയച്ചിട്ടില്ല'' *(21:25)*

''തീർച്ചയായും നാം ഓരോ സമുദായത്തിനും ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)'' *(16:36)*

ഇതാണ് പ്രവാചകന്മാരുടെ പരമവും ആത്യന്തികവുമായ ലക്ഷ്യമായി പരിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നത്. പക്ഷെ മൗദൂദിയൻ വീക്ഷണ പ്രകാരം പ്രവാചകന്മാരുടെ ദൗത്യം ഭൂമിയിൽ ഒരു ദൈവിക ഭരണം സ്ഥാപിക്കുകയും നിലനിർത്തുകയുമാണ്. എന്നാൽ പ്രവാചകന്മാരെ ആരെയും തന്നെ ഭരണ സംസ്ഥാപനം എന്ന ദൗത്യമല്ല അല്ലാഹു ഏൽപിച്ചിട്ടുള്ളത്. മറിച്ച് അല്ലാഹുവിന്റെ ഏകത്വം എല്ലാ അർഥത്തിലും പ്രബോധനം ചെയ്യുക എന്നതായിരുന്നു അവരുടെ ദൗത്യം. വി:ക്വുർആൻ മറിച്ച് നോക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണീ വസ്തുത. പ്രബോധനത്തിൽ കവിഞ്ഞ് യാതൊരു ദൗത്യവും പ്രവാചകന്മാർ ഏൽപിക്കപ്പെട്ടിട്ടില്ല എന്ന് ക്വുർആൻ തന്നെ വ്യക്തമാക്കുന്നു.

''അല്ലാഹുവെ നിങ്ങൾ അനുസരിക്കുക. റസൂലിനെയും നിങ്ങൾ അനുസരിക്കുക. ഇനി നിങ്ങൾ പിൻതിരിയുന്ന പക്ഷം നമ്മുടെ റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു''. *(64:12)*

''നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷ വാർത്ത അറിയിക്കുന്നവനും, താക്കീത്കാരനും, അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു''. *(33:45,46)*

‘‘അതിനാൽ (നബിയേ) നീ ഉദ്ബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല.’’ *(88:21,22)*

നോക്കൂ എത്ര ലളിതമായാണ് വി:ക്വുർആൻ പ്രവാചകന്മാരുടേ ദൗത്യം വിശദീകരിച്ചത്. എന്നാൽ അല്ലാഹുവും അവന്റെ ദൂതനും പഠിപ്പിച്ചതിലൊതുങ്ങാതെ ചില ഭൗതിക ലക്ഷ്യങ്ങളാണ് മൗദുദിസം പ്രവാചക ദൗത്യമായി വെച്ച് കെട്ടിയത്. അബുൽ അഅ്ലാം മൗദൂദി തന്നെ അത് വ്യക്തമാക്കട്ടെ: ‘‘ചുരുക്കത്തിൽ ഈ ലോകത്ത് പ്രവാചകന്മാർക്കെല്ലാം നിർവഹിക്കാനുണ്ടായിരുന്ന ദൗത്യത്തിന്റെ പരമവും ആത്യന്തികവുമായ ലക്ഷ്യം ദൈവിക ഭരണം സ്ഥാപിക്കുക എന്നതായിരുന്നു’’ *(തജ്ദീദ് വ ഇഹ്യാ എ ദീൻ മൗദുദി പേ: 32,33)* വീണ്ടും മൗദൂദി പറയുന്നു ‘‘...... അതിനാൽ അഖില പ്രവാചകന്മാരും രാഷ്ട്രീയ വിപ്ലവം നടത്താൻ വേണ്ടി പരിശ്രമിച്ചു. ചിലരുടെ ശ്രമങ്ങൾ മണ്ണ് പാകപ്പെടും വിധത്തോളം മാത്രമേ എത്തിയുള്ളൂ. ഇബ്രാഹീം(അ) പോലെയുള്ളവർ ഉദാഹരണം. മറ്റു ചിലർ യഥാർത്ഥത്തിൽ വിപ്ലവത്തിന് തുടക്കം കുറിക്കുക തന്നെ ചെയ്തു. പക്ഷേ അവർക്കും ഇസ്ലാമിക ഭരണം സ്ഥാപിക്കാൻ കഴിഞ്ഞില്ല. അതിന് മുമ്പ്തന്നെ അവരുടെ ശ്രമങ്ങൾ അവസാനിച്ചുപോയി. ഈസാ(അ) പോലുള്ളവർ ഉദാഹരണം. എന്നാൽ വേറെ ചിലർ യൂസഫ്, മൂസാ, മുഹമ്മദ്(സ) പോലുള്ള പ്രവാചകന്മാർ ഈ പ്രസ്ഥാനത്തെ വിജയത്തിലെത്തിക്കുക തന്നെ ചെയ്തു. *(അതേ പുസ്തകം പേ:32,33)*

‘‘സർവ്വോപരി, പ്രവാചക മാതൃകയുടെ തണലിൽ ഇസ്ലാമിക ജീവിത വ്യവസ്ഥയുടെ സംസ്ഥാപനത്തിനും അത് വഴി ദൈവ വചനത്തിന്റെ അത്യുന്നതിക്കും വേണ്ടി അഹോരാത്രം അധ്വാനിക്കുന്ന ഒരു സംഘടിത സമുദായമായി സത്യവിശ്വാസികളെ പ്രവാചകൻ വളർത്തിയെടുക്കേണ്ടതുണ്ട്. എന്നാൽ എല്ലാ പ്രവാചകന്മാർക്കും തങ്ങളുടെ ദൗത്യം വിജയത്തിന്റെ അന്തിമഘട്ടങ്ങളിലോളമെത്തിക്കാൻ പ്രായോഗിക തലത്തിൽ സാധിച്ച് കൊള്ളണമെന്നില്ല. ഒട്ടേറെ പ്രവാചകന്മാർക്ക് അങ്ങനെ എത്തിക്കുവാൻ സാധിച്ചിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.’’ *(മൗദൂദി: ഇസ്ലാമിന്റെ സന്ദേശം പേ:11)*

അല്ലാഹു പഠിപ്പിക്കാത്ത ഒരു ലക്ഷ്യം പ്രവാചകന്മാരുടെ പ്രബോധനത്തിൽ ആരോപിച്ചത് നിമിത്തം എന്തൊരു വലിയ ആപകടമാണ് സംഭവിച്ചത്. പ്രവാചകന്മാരിൽ പലരും അല്ലാഹു ഏൽപിച്ച ദൗത്യത്തിൽ പരാജയപെട്ട് പോയി എന്ന് വിളിച്ചോതേണ്ട വഴികേടിലേക്കാണ് ഇവർ എത്തിപെട്ടത്. ഇസ്ലാമിനെ രാഷ്ട്രീയമായി വ്യാഖ്യാനിച്ച ഇവരുടെ സമഗ്രതയിൽ മഹാനായ ഇബ്രഹീം നബി(അ) പോലും തന്റെ ദൗത്യ നിർവഹണത്തിൽ പരാജയപെട്ട ഒരൂ പ്രവാചകനായി മാറി. വി:ക്വുർആൻ ഇതിന് മറുപടി പറയട്ടെ.

‘‘സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്രാഹിമിന്റെ മാർഗ്ഗത്തോട് വിമുഖത കാണിക്കുക.’’ *(2:130)*

‘‘(നബിയേ) പറയുക, അല്ലാഹുസത്യം പറഞ്ഞിരിക്കുന്നു. ആകയാൽ ശുദ്ധമനസ്കനായ ഇബ്രാഹിമിന്റെ മാർഗം നിങ്ങൾ പിൻതുടരുക’’ *(3:95)*

‘‘നേർമാർഗത്തിൽ ഉറച്ച് നിന്ന് കൊണ്ട് ഇബ്രാഹീമിന്റെ മാർഗത്തെ പിൻതുടരുകയും ചെയ്തവനെക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട് ? അല്ലാഹു ഇബ്രാഹിമിനെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു’’ (4:125)

‘‘തീർച്ചയായും ഇബ്രാഹീം അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നില കൊള്ളുന്ന. ഒരു സമുദായം തന്നെയായിരുന്നു.’’ *(16–120)*

‘‘......... ഇബ്രാഹിമിന്റെ മാർഗത്തെ പിൻതുടരണം എന്ന് നിനക്ക് ഇതാ ബോധനം നൽകിയിരിക്കുന്നു.’’ *(16:123)*

‘‘നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്.’’ *(60:4)*

ഇനി പ്രബോധന ദൗത്യത്തിൽ പരാജയപെട്ട പ്രവാചകനായി ഇബ്രാഹീം നബിയെ പരിചയപെടുത്തിയ മൗദൂദിയുടെ വിഷം ചീറ്റുന്ന തൂലിക എഴുതി പിടിപ്പിച്ച പാപത്തിന്റെ അക്ഷര കഷ്ണങ്ങൾ ഒരാവർത്തി കൂടി വായിക്കുക. അല്ലാഹു ഒരു സമുദായമായി പരിചയപെടുത്തിയ മഹാനായ ഇബ്രാഹീം നബിയെ, മുഹമ്മദ് നബി(സ) യോട് പിൻപറ്റാൻ ആവശ്യപെട്ട ഉത്തമ മാതൃകാ പുരുഷൻ, നംറൂദിന്റെ തീക്കുണ്ഡാരത്തിൽ കരിയാത്ത ആദർശത്തിന്റെ വക്താവിനെ, അല്ലാഹുവിന്റെ കൂട്ടുകാരനായി അല്ലാഹു തന്നെ പരിചയപെടുത്തിയ ഉത്തമ ദാസനെ, കരാറുകൾ പൂർത്തികരിച്ചെന്ന് പടച്ച തമ്പുരാൻ തന്നെ സാക്ഷ്യപെടുത്തിയ മഹാനുഭാവനെ, നിഷ്കളങ്കതയുടെയും അവക്രതയുടെയും അർപണത്തിന്റെയും ഋജുമാനസനെ, ദൗത്യനിർവഹണത്തിൽ പരാജയപെട്ട് പോയെന്ന് പ്രചരിപ്പിക്കുന്ന മൗദൂദിസം എന്ന മഹാ നാശത്തെ ഏത് സമഗ്രതയുടെ പാളയത്തിലാണ് കൊണ്ടുപോയി കെട്ടേണ്ടത്? ഇസ്ലാമിന്റെയോ അതോ ഇബ്ലീസിന്റെയോ?. ഈമാനുള്ളവരേ നെഞ്ചിൽ കൈവെച്ചൊന്നാലോചിക്കുക? ഇവിടെ പരാജയപെട്ടത് ഇബ്രാഹീം നബി(അ)യോ അതോ അദ്ദേഹത്തെ മനസ്സിലാക്കിയതിൽ മൗദൂദിയോ?

വാൽക്കഷ്ണം: ‘‘പ്രവാചകന്മാർ ഭരണസ്ഥാപനത്തിനുവേണ്ടി നിയുക്തരായവരല്ല. ഭരണം സ്ഥാപിതാമായില്ലെങ്കിൽ പ്രവാചകന്മാരുടെ ദൗത്യവും പരാജയപ്പെട്ടു എന്ന് വിവരമുള്ളവരാരും വാദിച്ചിട്ടില്ല. വാദിക്കുകയുമില്ല.’’ *(ചോദ്യങ്ങൾക്ക് മറുപടി : പേ: 137,138)*

മാലോകരേ, ഇവർ പറയുന്നതെന്തെന്ന് ഇവരറിയുന്നില്ലല്ലോ...

**സാലിഷ് വാടാനപ്പള്ളി**